VI ക്രമപ്രശ്നം

ബില്ലിന്റെ അവതരണത്തെ സംബന്ധിച്ച്

ശ്രീ. പി. ജയരായൻ : സർ, The Kerala Co-operative Societies and the Kerala State Co-operative Agricultural and Rural Developoment Banks (Amendment) Bill-2002 അവതരിപ്പിക്കുന്നതിന് ഞാൻ തടസ്സവാദം ഉന്നയിച്ചിരുന്നു. ഞാൻ പറഞ്ഞിട്ടുള്ള കാര്യം രജിസ്ട്രേഷൻ ആക്ടിന്റെ 17(2) അനുസരിച്ച് രജിസ്ട്രബിൾ ആയിട്ടുള്ള ഡോക്യുമെന്റ്സ് സംബന്ധിച്ച്.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, I want to raise a point of order. ഒരു ബില്ലിൽ objection raise ചെയ്യുന്നത് അതിന്റെ introduction stage-ലാണ്. ഈ ബിൽ ഇവിടെ introduce ചെയ്തുകഴിഞ്ഞതാണ്, സബ്ജക്ട് കമ്മിറ്റിക്ക് പോയതാണ്, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടു വന്നതാണ്. അപ്പോൾ ഇതിൽ ഒബ്ജക്ഷന് യാതൊരു സ്കോപ്പുമില്ല.

ശ്രീ. പി. ജയരായൻ : രജിസ്ട്രേഷൻ ആക്ടിന്റെ 17(2) (10)-ൽ പറയുന്നത് Any order granting a loan under the Agricultural Loans Act, 1984 – Instrument for securing the repayment of a loan made under that Act എന്നാണ്. അഗ്രിക്കൾച്ചറൽ ലോണുകൾക്കുമാത്രമാണ് അത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനുശേഷം ഇവിടെ സഭയുടെ മുമ്പാകെ വരുമ്പോൾ ഹൗസിംഗ് സൊസൈറ്റികളുടെ കടങ്ങൾക്കുകൂടി രജിസ്ട്രേഷൻ വേണ്ട, അതിന് 'ഗഹാൻ' മതി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് അഗ്രിക്കൾച്ചറൽ ലോണുകൾക്കുമാത്രമാണ്, രജിസ്ട്രബിൾ അല്ലെന്നുള്ള നിലയ്ക്കാണ് ഇത് exempt ചെയ്തിരിക്കുന്നത്.

മി. സ്പീക്കർ : ഏതായാലും ഇപ്പോൾ പോയിന്റ് മനസ്സിലായി. ഞാൻ ഇതിന്റെ മെറിറ്റിലേക്ക് കടക്കുന്നില്ല, ആദ്യം ഉന്നയിച്ചിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. രണ്ടാമത്തെ കാര്യം ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് പ്രസക്തമാണ്. കാരണം ബിൽ introduce ചെയ്തുകഴിഞ്ഞു. അപ്പോൾപ്പിന്നെ ഇതിനെപ്പറ്റി ഒബ്ജക്ഷൻ വേണ്ട. വേണമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് ഇവിടെ സംസാരിക്കാൻ അവസരം തരാം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇത് കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു സബ്ജക്ടാണ്. കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു സബ്ജക്ടാകുമ്പോൾ പാർലമെന്റ് പാസ്സാക്കിയ നിയമത്തിനു വിരുദ്ധമായ വ്യവസ്ഥകൾ നമുക്ക് കൊണ്ടുവരാം. ആ അധികാരം മാത്രമല്ല, ഇത് പാസ്സായതിനുശേഷം പ്രസിഡന്റിന്റെ അസ്സന്റ് വേണമെന്നുള്ളതാണ്. ആ കാര്യത്തിൽ തെറ്റിദ്ധാരണയില്ല. അതുകൊണ്ട് ഇത് ലീഗലാണ്. ഒബ്ജക്ഷൻ രേഖപ്പെടുത്തേണ്ടത് ആദ്യമായിരുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം മുൻകൂട്ടി വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly